"ഭരണഭാഷ – മാതൃഭാഷ"

നം: പി2/29168/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി :15.07.2019
ഫോൺ.നം:0471 -2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകന യോഗം - സംബന്ധിച്ച്.

സൂചന:- 09.04.2019 തീയതിയിൽ ബഹുമാനപ്പെട്ട കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗം

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെയും, തുക നിക്ഷേപിച്ചിട്ടും നാളിതുവരെയും പ്രവർത്തി ആരംഭിക്കാത്ത പ്രവർത്തനങ്ങളുടെയും തുടർ നടപടി ത്വരിതഗതിയിൽ അടിയന്തിര പ്രാധാന്യം നൽകി പൂർത്തീകരിക്കുന്നതിനുമായി അവലോകന യോഗം 19.07.2019 രാവിലെ 10 മണിക്ക് കോഴിക്കോട് ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത മീറ്റിംഗിൽ തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ ഈ വകുപ്പിന് കീഴിൽ വരുന്ന സർക്കാർ സ്ഥാപന മേധാവികൾ നിർബന്ധമായും പങ്കെടുക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ കൊണ്ടുവരേണ്ടതുമാണ്.

നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ തൽസ്ഥിതി അറിയുന്നതിനായി ഈ വകുപ്പിൽ നിന്നും ഓരോ സർക്കാർ സ്ഥാപനങ്ങൾക്കായി നൽകിയിട്ടുള്ള Live Online Spreadsheet അതാത് സ്ഥാപങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

ഡോ.സുമ.കെ.കെ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)


GOVERNMENT OF KERALA